"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

നികുതി വകുപ്പ് - എക്സൈസ് - ഭരണപരം - 2024-25 വർഷത്തെ പദ്ധതികളുടെ പുന:ക്രമീകരണത്തിന്റെ (Plan Prioritization) ഭാഗമായി എക്സൈസ് വകുപ്പിന്റെ പദ്ധതിവിഹിതമായ 17 കോടി 90 ലക്ഷം രൂപ ആയതിന്റെ 50% ആയ 8.95 കോടി രൂപയായി പുന:ക്രമീകരിച്ച്- ഉത്തരവ് പുറപ്പെടിവിക്കുന്നു.

**നികുതി (എഫ് )വകുപ്പ്**

സ.ഉ.(കൈ) നം.2/2025/TAXES തീയതി,തിരുവനന്തപുരം, 07-01-2025

പരാമർശം:-

1. സ.ഉ (കൈ) നം.45/2024/നികുതി തീയതി 22.07.2024.
2. സ.ഉ (അച്ചടി) നം.76/2024/ധന തീയതി 31.08.2024.
3. സ.ഉ (കൈ) നം.61/2024/നികുതി തീയതി 23.09.2024.
4. എക്സൈസ് കമ്മീഷണറുടെ 26.10.2024 ലെ ഇ.എക്സ്.സി/4402/2023 - എക്സ്.എഫ്.ബി1 നമ്പർ കത്ത്.
5. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 15.11.2024- ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ്.

**ഉത്തരവ്**

2024-25 വർഷത്തെ പദ്ധതികളുടെ പുന:ക്രമീകരണത്തിന്റെ (Plan Prioritization) ഭാഗമായി പദ്ധതി തുകയുടെ 50% മായി നിജപ്പെടുത്തുവാൻ പരാമർശം (2) ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ, എക്സൈസ് വകുപ്പിന്റെ പദ്ധതിവിഹിതമായ 17 കോടി 90 ലക്ഷം രൂപ ആയതിന്റെ 50% ആയ 8.95 കോടി രൂപയായി പുനക്രമീകരിക്കുന്നതിന് 23.10.2024- ൽ നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും എക്സൈസ് കമ്മീഷണറും തമ്മിൽ നടന്ന സെക്രട്ടറി തല യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് കമ്മീഷണർ പരാമർശം (4) ലെ കത്ത് പ്രകാരം പദ്ധതി പുന:ക്രമീകരണം സംബന്ധിച്ച് ചുവടെ പറയും പ്രകാരമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക |
|---|---|---|
| 1 | വിമുക്തി | ₹ 7.95 കോടി |
| 2 | വാഹനങ്ങൾ വാങ്ങൽ | ₹ 67.72 ലക്ഷം |
| 3 | 2022-23 സാമ്പത്തിക വർഷം സൈബർ ഫോറൻസിക് ടൂളുകൾ സ്ഥാപിച്ച വകയിൽ | ₹ 19.65 ലക്ഷം |

| | | |
|---|---|---|
| | M/S Alibi Global Pvt Ltd m നൽകിയ തുക | |
| 4 | ട്രാക്ക് ആന്റ് ട്രെയ്സ് പദ്ധതി നിർവ്വഹണത്തിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റിക്ക് നൽകാനുള്ള അനുവദിച്ച തുക | ₹ 12.63 ലക്ഷം |
| | **ആകെ** | **₹ 8.95 കോടി** |

2. ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ 15.11.2024-ൽ ചേർന്ന സമിതി ടി പ്രൊപോസൽ വിശദമായി പരിശോധിക്കുകയും, അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മേൽസാഹചര്യത്തിൽ, 2024-25 വർഷത്തെ പദ്ധതികളുടെ പുന:ക്രമീകരണത്തിന്റെ ഭാഗമായി പദ്ധതി തുകയുടെ 50% മായി നിജപ്പെടുത്തുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എക്സൈസ് വകുപ്പിന്റെ പദ്ധതിവിഹിതമായ 17 കോടി 90 ലക്ഷം രൂപ ആയതിന്റെ 50% ആയ 8.95 കോടി രൂപയായി പുന:ക്രമീകരിച്ച് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. ആയതിൻ പ്രകാരം, 2024-25 സാമ്പത്തിക വർഷം എക്സൈസ് വകുപ്പിന്റെ വിമുക്തി പദ്ധതികൾക്കായി "2039-00-001-88 - വിമുക്തി" എന്ന ശീർഷകത്തിലെ ഭരണാനുമതി തുക 918.40 ലക്ഷത്തിൽ നിന്ന് 7.95 കോടിയായി ചുരുക്കിയും, എക്സൈസ് വകുപ്പിന്റെ നവീകരണത്തിനായി "2039-00-001-94-34-3-PV" ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള 158.22 ലക്ഷം രൂപ, എക്സൈസ് അക്കാദമിയുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി "2039-00-800-96" എന്ന ശീർഷകത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള 37 ലക്ഷം രൂപ എന്നീ തുകകൾ ഒഴിവാക്കിയും പരാമർശം (1), പരാമർശം (3) എന്നിവ പ്രകാരമുള്ള സർക്കാർ ഉത്തരവുകൾ ഭേദഗതി ചെയ്തും ഇതിനാൽ ഉത്തരവാകുന്നു.

4. "2039-00-001-94-00-34-03-PV എക്സൈസ് വകുപ്പിന്റെ നവീകരണം" എന്ന ശീർഷകത്തിൽ നിന്നും ചീഫ് സെക്രട്ടറി അദ്ധ്യക്ഷയായ സമിതി അംഗീകരിച്ചതിൻ പ്രകാരം എക്സൈസ് വകുപ്പിന് പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി 67.72 ലക്ഷം രൂപയുടെ പ്രൊപോസൽ സർക്കാരിൽ ലഭ്യമാക്കുവാൻ എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ .എ .ജയതിലക് ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1.എക്സൈസ് കമ്മീഷണർ ,തിരുവനന്തപുരം.
2.മെമ്പർ സെക്രട്ടറി ,കേരള സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ് ,തിരുവനന്തപുരം.
3.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്- ഇ.ആർ.എസ്.എ) കേരളം,
തിരുവനന്തപുരം.
4.നികുതി (ജി) വകുപ്പ്

5.ധനകാര്യ [എക്സ്പെൻറീച്ചർ-ബി/പ്ലാനിംഗ് (ബി)]വകുപ്പ്
6.ആസൂത്രണ സാമ്പത്തികകാര്യ (എ )വകുപ്പ്
7.വെബ് &ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ).
8.കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 07-01-2025 09:53:57
സെക്ഷൻ ഓഫീസർ